# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പായിപ്പാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെറ്റിഎം./പി10/1593/21/

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 27/01/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പായിപ്പാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെറ്റിഎം./പി10/1593/21/ തീയ്യതി: 27/01/2022

## കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുതൽ**)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീ.എം.എൻ.രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 24-11-2021 | 07-12-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി **(**മുതൽ**)** | തീയതി **(**വരെ**)** |
|---|---|
| 24-11-2021 | 07-12-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി സുധാ ജേക്കബ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി ദർശന വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സുനിൽകുമാർ ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ എമിൽ റ്റി എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ടീസ ജോസഫ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ.കെ ഡി മോഹൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.സജിത്ത് റ്റി | സെക്രട്ടറി | 01-04-2020 | 02-02-2021 |
| ശ്രീ.രഞ്ജിത്ത് എം എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-02-2021 | 05-03-2021 |
| ശ്രീമതി ലിറ്റി തോമസ് | സെക്രട്ടറി | 06-03-2021 | 31-03-2021 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രഞ്ജിത്ത് എം എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.അഞ്ജു വി എസ് | കൃഷി ഓഫീസർ | 01-04-2020 | 02-09-2020 |
| ശ്രീ.അനൂപ് കൃഷ്ണൻ | കൃഷി ഓഫീസർ | 03-09-2020 | 14-09-2020 |
| ശ്രീമതി ഹസീന എ | കൃഷി ഓഫീസർ | 15-09-2020 | 31-03-2021 |
| ശ്രീമതി.സാലി സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ - അലോപ്പതി | 01-04-2020 | 31-03-2021 |
| ശ്രീമതി.ബീന കെ ദാസ് | മെഡിക്കൽ ഓഫീസർ- ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീമതി.ലീന ജാസ്മിൻ | മെഡിക്കൽ ഓഫീസർ- ഹോമിയോ | 01-04-2020 | 29-12-2020 |
| ശ്രീമതി.ഗായത്രി | മെഡിക്കൽ ഓഫീസർ- ഹോമിയോ | 30-12-2020 | 31-03-2021 |
| ശ്രീമതി.ടെസി മാത്യു | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.ലതികുമാരിയമ്മ പി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ജോളി ജോസഫ് | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ. കൃഷ്ണകുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2020 | 31-03-2021 |
| ശ്രീ. അനൂപ് പി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 01-04-2020 | 31-03-2021 |
| ശ്രീ.ജിതിൻ ബോസ് കെ ജി | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 01-04-2020 | 28-06-2020 |
| ശ്രീ മാർട്ടിൻ ആന്റണി | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 29-06-2020 | 08-02-2021 |
| ശ്രീ.ജിതിൻ ബോസ് കെ ജി | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 09-02-2021 | 10-02-2021 |
| ശ്രീ അസ്ലാദ് എം എഫ് | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 11-02-2021 | 31-03-2021 |
| ശ്രീമതി കെ.കെ.ഉഷാഭായി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

12.11.2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു.

<u>**ഉള്ളടക്കം**</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ദേശീയതൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വസ്തുനികുതിയിനത്തിൽ 2034834 രൂപ കുടിശ്ശിക | 1-11 |
| 12 | ഒറ്റത്തവണ കെട്ടിടനികുതി ഈടാക്കൽ - സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിച്ചിട്ടില്ല . | 1-12 |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി - 43044രൂപ കുടിശ്ശിക | 1-13 |
| 14 | ഉപയോഗക്രമത്തിനനുസരിച്ച് നികുതി നിർണ്ണയിച്ചില്ല | 1-14 |
| 15 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15 |
| 16 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-16 |
| 17 | ലേലം നടന്നില്ല - മുറിച്ചിട്ട ആഞ്ഞിലി മരം നശിച്ചുകൊണ്ടിരിക്കുന്നു . | 1-17 |
| 18 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-18 |
| 19 | മോട്ടോർ ഫീ ഈടാക്കിയതിൽ കുറവ് | 1-19 |
| 20 | മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു - 247500 രൂപ തിരികെ ഈടാക്കണം | 1-20 |
| 21 | സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകയും കൈപ്പറ്റി | 1-21 |
| 22 | ഇ—ടെണ്ടർ -ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല | 1-22 |
| 23 | ഐകെഎം വിഹിതം - കുടിശ്ശിക നിലനിൽക്കുന്നു | 1-23 |
| 24 | പൊതുടാപ്പുകളുടെ വെള്ളക്കരം- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല- | 1-24 |
| 25 | ആശ്രയ പദ്ധതി- തുക ചെലഴിച്ചിട്ടില്ല | 1-25 |

| | | |
|---|---|---|
| 26 | അംഗീകാരമില്ലാത്ത തസ്തികയിൽ ദിവസവേതന വ്യവസ്ഥയിൽ നിയമിച്ച | 1-26 |
| 27 | അംഗപരിമിതർക്ക് സൈഡ് വീലുള്ള സ്കൂട്ടർ - ലൈസൻസ് ലഭ്യമായില്ല | 1-27 |
| 28 | എ.ബി.സി പ്രോഗ്രാം-വിനിയോഗവിവരം ലഭ്യമല്ല | 1-28 |
| 29 | പി.എച്ച്.സിക്ക് മരുന്ന വാങ്ങൽ -മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല. | 1-29 |
| 30 | ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല | 1-30 |
| 31 | എച്ച്.എം 2020-21 ൽ നടപ്പാക്കിയ വിവിധ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-31 |
| 32 | ലൈഫ് പദ്ധതി - അവലോകനം | 1-32 |
| 33 | സി.എഫ് .എൽ .റ്റി.സി -അവലോകനം | 1-33 |
| 34 | വിനിയോഗവിവരം ലഭ്യമാക്കാത്തത്- | 1-34 |
| 35 | പകൽ വീട് - ഫർണീച്ചറും ഉപകരണങ്ങളും വാങ്ങി നൽകൽ - പ്രോജക്ട് ലക്ഷ്യം കണ്ടില്ല | 1-35 |
| 36 | പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ലഭിച്ച ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്-വിശകലനം

2020-21 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 11/02/2021 തീയതിയിലെ 3/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് | റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 7197381 | 35103963 |
| വരവ് | 125136003 | 70356003 |
| ആകെ | 132333384 | 105459966 |
| ചെലവ് | 126349003 | 87524016 |
| നീക്കിയിരിപ്പ് | 5984381 | 17935950 |

പുതുക്കിയ ബജറ്റ് പ്രകാരം കോടി രൂപയുടെ പ്രതീക്ഷിത വരവും കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 13.21 കോടി രൂപയും ചെലവ് 13.11 കോടി രൂപയുമാണ്.

ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതും ആയതിന്റെ എല്ലാരേഖകളും ഫയൽചെയ്ത് സൂക്ഷിക്കേണ്ടതുമാണ്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതുമാണ്.

### 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 132124635/- രൂപയും ചെലവ് 131166405/- രൂപയും തൻവർഷ പ്രവർത്തന ലാഭം 812831/- രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 75073509/- രൂപയും ബാധ്യതകളുടെ മൂല്യം 49640564/- രൂപയും ജനറൽ ഫണ്ട് 25432945/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ബാങ്കിന്റെ പേര് | ചെക്ക് നമ്പർ | തീയതി | |
|---|---|---|---|
| പായിപ്പാട് സർവീസ് സഹകരണബാങ്ക് . (അക്കൗണ്ട് നമ്പർ 1/291 ) | 12405 | 29.08.2017 | 1210 |
| | 19646 | 28.02.2018 | 7000/- |
| | 12413 | 02.09. | 280/- |

3.വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

4.തൊഴിൽ നികുതി, ലൈസൻസ് അക്രുവൽ വരവുകളുടെ ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത വ്യക്തമല്ല , മുൻകുറുകൾ ക്രമീകരിച്ചതിന്റെ വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ ലഭ്യമല്ല.

5.വാടക രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് ,കളക്ഷൻ ,ബാലൻസ് തുകകൾ വാർഷികക്കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

6.ബാലൻസ് ഷീറ്റിലെ ബി- 7 ഷെഡ്യൂൾ പ്രകാരം 340800101 എന്ന ഹെഡിൽ മുന്നിരിപ്പായി നിലനിൽക്കുന്ന ഡെപോസിറ്റ് തുകയായ 150000/- രൂപയുടെ വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.

7.പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. ആധികാരികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. 320100203. 320200319, 32020317, 320700104, 320700204, 320700209, 320700404 ശീർഷകങ്ങളിൽ 31/03/2021 ലെ നീക്കിയിരിപ്പ് ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭിച്ച ഗ്രാന്റാണ് എന്നതിന്റെ വിവരം എ.സി.ആർ.-ൽ ലഭ്യമല്ല.

8.ബി- 18 ഷെഡ്യൂളിൽ 460600101 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 9975/- രൂപ ക്രമീകരിക്കാത്തതിന്റെ കാരണം വ്യക്തമല്ല. അഡ്വാൻസ് രജിസ്റ്റർ പ്രകാരം ടി തുക 21.12.2015 ൽ നൽകിയതായി കാണുന്നു.

9. ബി- 18 ഷെഡ്യൂളിൽ 460100199 എന്ന ശീർഷകത്തിൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

10.ബി -9 ഷെഡ്യൂൾ പ്രകാരം 350800101 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയ 108023/- രൂപയുടെ വിശദാംശങ്ങൾ രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

11.മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ധനകാര്യ പത്രികയിലെ വരവ്-ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

12.തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

13.31/03/2021 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

14.ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ 350410105 എന്ന ഹെഡിൽ ബാദ്ധ്യതയായി അവശേഷിക്കുന്ന 208193/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

15.B7 ഷെഡ്യൂളിൽ ഇലക്ഷനമായി ബന്ധപ്പെട്ട് സ്ഥാനാർത്ഥികളിൽ നിന്ന് ഇലക്ഷൻ ഡെപ്പോസിറ്റായി സ്വീകരിച്ച 39000 രൂപ ബാദ്ധ്യതയായി അവശേഷിക്കുന്നു. കേരളാ പഞ്ചായത്ത് രാജ് ആക്ട് 144-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

16.1-18 പ്രകാരം മുൻവർഷ ഇനമായി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ വിശദീകരണമോ രേഖകളോ ലഭ്യമല്ല.

17.സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള തുകകളുടെ കൃത്യത വ്യക്തമല്ല.

18.B- 11 (A) -Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

19. ബി- 18 ഷെഡ്യൂളിൽ 460500501 എന്ന ഹെഡിൽ 18-19 വർഷം മഴക്കാല പൂർവ ശുചീകരണത്തിന് നൽകിയ 72000/- രൂപ (അഡ്വാൻസ് രജിസ്റ്റർ പ്രകാരം) ചെലവഴിച്ചെങ്കിലും ക്രമീകരിക്കാൻ അവശേഷിക്കുന്നു.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 35103963 |
| ഓഡിറ്റ് വർഷത്തെ വരവ് | 70356003 |
| ആകെ | 105459966 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 87524016 |
| നീക്കിയിരിപ്പ് | 17935950 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3655218 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ് / വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18212000/- | 18212000/- | 15476030/- | 2735970/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 7439000/- | 7439000/- | 5696282/- | 1742718/- |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്- ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 0 | 5950000/- | 5950000/- | 1999464/- | 3950536/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 13590437/- | 13590437/- | 8605933/- | 4984504/- |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 11411000/- | 11411000/- | 9275588/- | 2135412/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 4320000/- | 4320000/- | 1998141/- | 2321859/- |
| ആകെ ലാപ്സായ തുക | | | | | 17870999/- |
| ICDS ഫണ്ട് (കേന്ദ്രവിഹിതം) | 1295859/- | 765982/- | 2061841/- | 700000/- | 1361841/- |
| MGNREGA (കേന്ദ്രവിഹിതം) | 306902/- | 718552/- | 1025454/- | 900467/- | 124987/- |
| ശുചിത്വ മിഷൻ ഗ്രാന്റ് | 65877/- | 2224311/- | 2290188/- | 245130/- | 2045058/- |

വികസനഫണ്ട് വരവ് പൊതുവിഭാഗത്തിൽ പഞ്ചായത്തിൽ നേരിട്ട് വന്ന 16400106/- രൂപയും ജി.ഓ. പ്രോജക്ടിലൂടെ ക്രമീകരിച്ച 1811894/- രൂപയും ഉൾപ്പടെ 18212000/- രൂപയാണ്. . റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ വോട്ടിങ്ങ് മെഷീന് വേണ്ടി നേരിട്ട് വന്ന 43694/- രൂപ ഉൾപ്പടെയാണ് വരവ് ചെലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഗ്രാന്റിന്റെ വിനിമയം സംബന്ധിച്ച അക്കൗണ്ടിങ്ങിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വികസന ഫണ്ട് പൊതുവിഭാഗം, റോഡിതര മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ അലോട്ട്മെന്റ് തുകയിൽ സോഫ്റ്റിൽ കുറച്ച തുകഉൾപ്പെട്ടിട്ടില്ല . ആയതിനാൽ പ്രസ്തുത ഗ്രാന്റുകളുടെ വരവും നീക്കിയിരിപ്പും ഗ്രാന്റ് പത്രികയിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

2. ഗ്രാന്റ് പത്രികയിലെ മേഖല തിരിച്ചുള്ള അലോട്ട്മെന്റ് തുകകളുടെ കണക്ക് യഥാർത്ഥ അലോട്ട്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

3.പഞ്ചായത്തിൽ നേരിട്ട് ലഭിക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് എ.സി.ആർ. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മേൽ സൂചിപ്പിച്ച ധനകാര്യ പത്രിക പ്രകാരമുള്ള അവയുടെ വിനിമയത്തിന്റെ കൃത്യത വ്യക്തമല്ല. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന്(ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ. പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2020-21ലെ വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മീറ്റിംഗ് 17-01-20ലും പദ്ധതിരൂപീകരണ ഗ്രാമ സഭകൾ 28-01-20 മുതൽ 6-02-20 വരെയും നടക്കുകയുണ്ടായി. തൻവർഷം വികസനസെമിനാർ നടത്തിയിട്ടില്ല. തൻവർഷ പ്രോജക്ടുകൾക്ക് 28-01-21 ലെ 80898/20/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകാരം

ലഭിക്കുകയും ചെയ്തു. അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 233 | 125761205 | 155 | 49798907 | 78 | 66.52 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത് | പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക. | ചെലവ്. |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 14 | 8 | 6039900 | 1918039 |
| 2 | വെറ്ററിനറി സർജൻ | 20 | 11 | 7411600 | 1117539 |
| 3 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 4 | 4 | 3364820 | 3264820 |
| 4 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 90000 | 90000 |
| 5 | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 1 | 1 | 200000 | 200000 |
| 6 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 0 | 700000 | 0 |
| 7 | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ | 24 | 19 | 55746765 | 11020684 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 9 | 5464950 | 4926540 |
| 9 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 1493340 | 1031192 |
| 10 | സെക്രട്ടറി | 27 | 22 | 9520265 | 7418209 |
| 11 | അസിസ്റ്റന്റ് എൻജിനീയർ. | 118 | 68 | 33218975 | 16545799 |
| 12 | ഹെഡ്മാസ്റ്റർ | 6 | 6 | 1693504 | 1633004 |
| 13 | അസിസ്റ്റന്റ് സെക്രട്ടറി. | 4 | 3 | 817086 | 633081 |
| ആകെ | | 233 | 155 | 125761205 | 49798907 |

അംഗീകാരം ലഭിച്ച പദ്ധതികളിൽ 66% മാത്രമേ നടപ്പാക്കിയിട്ടുള്ളു. വാർഷികപദ്ധതിയ്ക്കായി ആകെ വകയിരുത്തിയ തുകയിൽ 40% മാത്രമേ ചെലവഴിയ്ക്കാനായിട്ടുള്ളു. ഫിഷറീസ് സബ് ഇൻസ്പെക്ടർ തൻവർഷം പ്രോജക്ടൊന്നും നടപ്പാക്കിയില്ല. മറ്റ് നിർവ്വഹണോദ്യോഗസ്ഥരിൽ അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി ഓഫീസർ, വെറ്ററിനറി സർജൻ എന്നീ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളാണ് നടപ്പാക്കുന്നതിൽ

താരതമ്യേന എണ്ണത്തിൽ കുറവു വന്നത്. കിഴങ്ങുവർഗ്ഗവിളകൾ കൃഷി ചെയ്യുന്നതിനുള്ള വിത്തും വളവും നൽകൽ, ജൈവവളം വിത്ത് സബ്സിഡി, ഫലവൃക്ഷത്തൈ വിതരണം, നെൽവിത്ത് സബ്സിഡി എന്നിവയാണ് കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രധാന പ്രോജക്ടുകൾ. കറവപ്പശു വിതരണം, മുട്ടക്കോഴി വളർത്തൽ, മുട്ടക്കോഴി വിതരണം പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി എന്നിവയാണ് വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രധാന പ്രോജക്ടുകൾ. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ഭൂരിഭാഗം പ്രോജക്ടുകളും റോഡ് കോൺക്രീറ്റിംഗ് ആണ്.പ്രോജക്ട് നിർവ്ഹണത്തിൽ കൃത്യമായ മോണിറ്ററിംഗും നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും തൻവർഷം മീറ്റിംഗുകൾ കൂടി ഫലപ്രദമായ നിർദ്ദേശങ്ങൾ നല്കുന്നതിന് പല ഗ്രൂപ്പുകൾക്കും സാധിച്ചില്ല. കൂടാതെ പ്രോജക്ടുകളുടെ നിർവഹണഘട്ടങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിട്ടറിംഗും നടന്നിട്ടില്ല. പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് കൃത്യമായ ഇടവേളകളിലുള്ള മോണിട്ടറിംഗും അനിവാര്യമാണ്.

പദ്ധതി തുകകൾ ലാപ്സായത്-

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതും വഴി വികസനഫണ്ട് (ജനറൽ, എസ് സിപി,) സിഎഫ്സി, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്ന് ഗ്രാമ പഞ്ചായത്തിന് 17870999- നഷ്ടമാകാനിടയായതായി കാണുന്നു. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ദേശീയതൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21 വർഷം 2310 പേർക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർബജറ്റ് പ്രകാരം 325 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 194 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 182 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 47180 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു 857 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മണ്ണ് , ജല സംരക്ഷണ പ്രവർത്തികൾ അടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കാഷ്ബുക്ക് പ്രകാരമുള്ള 2020-21 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | 306902 | |
| വരവ് | ഇ എഫ് എം എസ് വരവ് | 17090257 | 18715121 |
| | മറ്റ് വരവ് , ക്യാഷ് വരവ് (പലിശ ഉൾപ്പെടെ ) | 1317962 | |
| ചെലവ് | തൊഴിലാളികളുടെ വേതനം | 14020955 | 18590134 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 3069302 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ്ജ്,100 ദിവസ അലവൻസ് ഉൾപ്പെടെ) | 1499877 | |
| നീക്കിയിരിപ്പ് | | 124987 | |

തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.. വിശദാംശങ്ങൾ വാർഷികകണക്ക് അവലോകനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-7 ക്ഷേമപദ്ധതികൾ**

2020-21 വർഷം വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 22875100 | 1578 |
| കർഷകതൊഴിലാളി പെൻഷൻ | 9564700 | 623 |
| വിധവാപെൻഷൻ | 11296400 | 767 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 411800 | 28 |
| വികലാംഗപെൻഷൻ | 4073200 | 276 |
| വിവാഹ ധനസഹായം | 270000 | 9 |

**1-8 ക്യാഷ്ബാലൻസ് പരിശോധന**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 24/11/2021-ന് 03:00 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 6788/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തരനിയന്ത്രണം**

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമാണ്. ഓരോ ജീവനക്കാരന്റെയും ജോലി ഓഫീസ് ഉത്തരവുകൾ മുഖേന നിർവ്വചിച്ചിട്ടുണ്ട്. സാംഖ്യാ സോഫ്റ്റ് വെയർ ഉപയോഗിച്ചുള്ള സാമ്പത്തിക വിനിമയങ്ങളും കൃത്യമമായി നടത്തിപ്പോരുന്നുണ്ട്. ഡേബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുകയും പ്രതിദിന, പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുകയും ചെയ്യുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്കും സാംഖ്യാ സ്റ്റേഷനറിക്കും സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകൾ സൂക്ഷിയ്ക്കുന്നുണ്ടെങ്കിലും ഡിസിബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ,സ്റ്റോക്ക് രജിസ്റ്റർ, ലോൺ രജിസ്റ്റർ തുടങ്ങിയവ തയ്യാറാക്കി സൂക്ഷിയ്ക്കുന്നുണ്ടെങ്കിലും ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ കൃത്യമല്ല. അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകത വാർഷികകണക്കുകളിലും പ്രതിഫലിക്കുന്നുണ്ട്. തുടർച്ചയായുള്ള ജീവനക്കാരുടെ സ്ഥലംമാറ്റം രേഖകളുടെ സൂക്ഷിപ്പിൽ പ്രതിഫലിക്കുന്നുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ വാർഷിക പദ്ധതികളുടെ നടത്തിപ്പിൽ മോണിട്ടറിംഗ് നടത്തുന്നതിൽ മതിയായ ശ്രദ്ധപുലർത്തുന്നില്ല.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.11.2019 | 10/2019 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.03.2016 - 18.03.2016 | 2010-11 To 2014-15 | LBA(HQ) II/8A-2418 തീയതി 10.05.2016 |

**1-11 വസ്തുനികുതിയിനത്തിൽ 2034834 രൂപ കുടിശ്ശിക**

വസ്തുനികുതിയിനത്തിൽ 31.03.2021-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| വസ്തുനികുതി ഇനം | തുക (ലൈബ്രറി സെസ് ഉൾപ്പടെ) |
|---|---|
| റെസിഡെൻഷ്യൽ (കറണ്ട്) | 926676 |
| റെസിഡെൻഷ്യൽ (അരിയർ) | 362225 |
| നോൺ റെസിഡെൻഷ്യൽ (കറണ്ട്) | 546432 |
| നോൺ റെസിഡെൻഷ്യൽ (അരിയർ) | 199501 |
| ആകെ | 2034834 |

വസ്തുനികുതിയിലെ കുടിശിക പൂർണ്ണമായും പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 01/2020-21,തീയതി-26/11/21 ) കുടിശിക ഈടാക്കാൻ ക്യാമ്പ് കളക്ഷൻ ഉൾപ്പെടെയുള്ള നടത്തുന്നുണ്ടെന്ന് മറുപടി നൽകി . നികുതിപിരിവ് ഊർജിതമാക്കാനുള്ള ശ്രമം നടത്തേണ്ടതാണ് . ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

**1-12 ഒറ്റത്തവണ കെട്ടിടനികുതി ഈടാക്കൽ - സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിച്ചിട്ടില്ല .**

9/7/2015 ലെ സ.ഉ (എം.എസ് ) നം.231 /15/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴും 1975 ലെ കേരള കെട്ടിടനികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയിട്ടുണ്ടെങ്കിൽ മാത്രം ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ തറ വിസ്തീർണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ് .

കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചതിന്റെ 2020-21 കാലയളവിലെ ഏതാനും ഫയലുകൾ പരിശോധിച്ചതിൽ

മേൽ സൂചിപ്പിച്ച ഉത്തരവ് പാലിച്ചതിന്റേയോ , വില്ലേജ് ഓഫീസിൽ അറിയിച്ചതിന്റേയോ രേഖകളും ഉണ്ടായിരുന്നില്ല . വിശദവിവരം ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | ഫയൽ നമ്പർ | കെട്ടിട നമ്പർ/ വില്ലേജ് | ഉടമയുടെ പേര് | പ്ലീന്ത് ഏരിയ (M2)/ ഉപയാ ഗഗണം (R/O) | ഈടാക്കേണ്ട നികുതി (11/09/2020ലെ 1000(1) Leg A2/2020/Law നമ്പർ ഗസറ്റ് വിജ്ഞാപനം , SC-1/49/2020 റവ, തീയതി 18/08/2020) |
|---|---|---|---|---|---|
| 1 | A. 4-2196/20 | 181/A-3 | ബൈജു വർഗ്ഗീസ് | 244.53 O | 23400 (200M$^2$ മുതൽ 200M$^2$ വരെയുള്ള തറവിസ്തീർണ്ണത്തിന് ആനുപാതികമായ നിരക്ക്) |
| 2 | A. 4-2428/20 | 10/165 C-10 | സെക്രട്ടറി , സെൻട്രൽ സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക് | 110.5 O | 5850 (100M$^2$ മുതൽ 150M$^2$ വരെയുള്ള തറവിസ്തീർണ്ണത്തിന് ആനുപാതികമായ നിരക്ക്) |
| 3 | A. 4-2428/20 | | സെക്രട്ടറി , സെൻട്രൽ സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക് | 110.5 O | 5850(100M$^2$ മുതൽ 150M$^2$ വരെയുള്ള തറവിസ്തീർണ്ണത്തിന് ആനുപാതികമായ നിരക്ക്) |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.08/2020-21 തീ.01.12.2021) ഓഡിറ്റ് ചൂണ്ടിക്കാട്ടിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പായിപ്പാട് വില്ലേജ് ഓഫീസിന് കൈമാറിയതായി മറുപടി നൽകി .

ഒറ്റത്തവണ കെട്ടിടനികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഇല്ലാത്ത കൂടുതൽ കെട്ടിടങ്ങൾക്ക് 2020-21 കാലയളവിൽ നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്തിട്ടുണ്ടോ എന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ സഹായത്തോടെ വിശദമായ പരിശോധന നടത്തുന്നത് ഉചിതമായിരിക്കും . അപ്രകാരം പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് . ഒറ്റത്തവണ കെട്ടിടനികുതി ഈടാക്കൽ സംബന്ധിച്ച സർക്കാർ നിർദ്ദേശം കർശനമായി പാലിക്കാൻ ബന്ധപ്പെട്ട സെക്ഷനും ഓഫീസ് മേധാവിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ് .

## 1-13 മൊബൈൽ ടവറുകളുടെ വസ്തുനികുതി – 43044രൂപ കുടിശ്ശിക

പഞ്ചായത്ത് പരിധിയിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള താഴെപറയുന്ന മൊബൈൽ ടവറുകളുടെ നികുതി കുടിശ്ശിക ഈടാക്കാൻ ഉള്ളതായി കാണുന്നു . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് കെട്ടിട നം. | ടവർ സ്ഥാപിച്ച കമ്പനിയുടെ പേര് | കുടിശ്ശിക | തുക |
|---|---|---|---|---|
| 1 | 10/94 | ടവർ വിഷൻ ഇൻഡ്യ | 2019-20 മുതൽ 2020-21 വരെ | 9946 |
| 2 | 10/468 | റിലയൻസ് ഇൻഫോടെൽ ലിമിറ്റഡ് | 2013-14 മുതൽ 2020-21വരെ | 13711 |
| 3 | 14/255/A | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 2019-20 മുതൽ 2020-21 വരെ | 8208 |
| 4 | 14/327/A | ഭാരതി എയർടെൽ | 2018-19 മുതൽ 2020-21 വരെ | 11179 |
| ആകെ | | | | 43044 |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.07/30.11.2021) നികുതി കുടിശ്ശിക ഈടാക്കാൻ റവന്യു റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി . മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 1-14 ഉപയോഗക്രമത്തിനനുസരിച്ച് നികുതി നിർണ്ണയിച്ചില്ല

ലൈസൻസ് രജിസ്റ്റർ ,സഞ്ചയ എന്നിവ താരതമ്യം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ സൂചിപ്പിച്ച കെട്ടിടങ്ങളുടെ ഉപയോഗക്രമം ലൈസൻസ് രജിസ്റ്റർ ,സഞ്ചയ എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നതായി കാണുന്നു .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1 ) താഴെ പറയുന്ന കെട്ടിടത്തിൽ സൂപ്പർമാർക്കറ്റ് പ്രവർത്തിക്കുന്നതിന് 2020-21 ൽ ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ ടി കെട്ടിടങ്ങളുടെ നികുതിനിർണ്ണയിച്ചത് വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നിവയ്ക്ക് ബാധകമായ നിരക്കിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര് | മുഹമ്മദ് ഇസ്മായിൽ |
|---|---|
| കെട്ടിട നമ്പർ | 10/171 A & 10/171 B ( ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും ഒരേ ഉപയോഗക്രമത്തിലുള്ളതുമായ കെട്ടിടം) |
| തറവിസ്തീർണ്ണം | 290.45 |

| | |
|---|---|
| ലൈസൻസ് രജിസ്റ്റർ പ്രകാരം **ഉപയോഗക്രമം** | സൂപ്പർമാർക്കറ്റ് |
| സഞ്ചയയിൽ കെട്ടിടത്തിന്റെ നികുതിനിർണ്ണയിക്കാൻ ആധാരമാക്കിയത് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നിവയ്ക്ക് ബാധകമായ നിരക്ക് ( 60/ച.മീറ്റർ) |
| ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നികുതിനിർണ്ണയിക്കാൻ ആധാരമാക്കേണ്ടിയിരുന്നത് | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ബാധകമായ നിരക്ക് ( 80/ച.മീറ്റർ) |

2) താഴെ പറയുന്ന കെട്ടിടങ്ങൾക്ക് മരുന്നുകടകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്ത് 2020-21 ൽ ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ ടി കെട്ടിടങ്ങളുടെ നികുതിനിർണ്ണയിച്ചത് ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) യ്ക്ക് ബാധകമായ നിരക്കിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഉടമസ്ഥന്റെ പേര് | സെക്രട്ടറി , സെൻട്രൽ സർവ്വീസ് കോ. ഓപ്പറേറ്റീവ് ബാങ്ക് |
| കെട്ടിട നമ്പർ | 165/ A , 165 B |
| തറവിസ്തീർണ്ണം | 165/ A – 36.3 ച.മീ , 165 B- 36.3 ച.മീ |
| ലൈസൻസ് രജിസ്റ്റർ പ്രകാരം ഉപയോഗക്രമം | ആര്യ വൈദ്യശാല ,മരുന്ന് കട |
| സഞ്ചയയിൽ കെട്ടിടത്തിന്റെ നികുതിനിർണ്ണയിക്കാൻ ആധാരമാക്കിയത് | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) എന്നിവയ്ക്ക് ബാധകമായ നിരക്ക് ( 40/ച.മീറ്റർ) |
| ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നികുതിനിർണ്ണയിക്കാൻ ആധാരമാക്കേണ്ടിയിരുന്നത് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ താഴെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , എന്നിവയ്ക്ക് ബാധകമായ നിരക്ക് ( 50/ച.മീറ്റർ) |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ( നം - 06/30.11.21 , നം - 10/01.12.2021 ) നികുതി നിർണ്ണയത്തിൽ വന്ന അപാകത പരിഹരിച്ച് പുതുക്കിയ നികുതി നിശ്ചയിച്ച് ഡിമാന്റ് നോട്ടീസ് നൽകുന്നതാണെന്ന് മറുപടി നൽകി .പുതുക്കിയ നികുതി ഈടാക്കി വിവരങ്ങൾ

ഓഡിറ്റിനെ അറിയിക്കേണ്ടതാണ് . കൂടാതെ ഉപയോഗക്രമത്തിനനുസരിച്ച് നികുതി നിർണ്ണയിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ് .

**1-15 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (l) (li) (lii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരു വ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു .

**ഒന്നാം അർദ്ധ വർഷം**

| ക്രമ നം . | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ബി എസ് എൻ എൽ |
| 2 | ക്ഷീരോൽപ്പാദക സംഘം നാലുകോടി |
| 3 | ക്ഷീരോൽപ്പാദക സംഘം വെള്ളാപ്പള്ളി |
| 4 | ഇണ്ടിപറമ്പിൽ ഫിനാൻസ് |
| 5 | ക്ഷീരോൽപ്പാദക സംഘം പി സി കവല |
| 6 | കുത്തുകല്ലുങ്കൽ ഫിനാൻസ് |

**രണ്ടാം അർദ്ധ വർഷം**

| ക്രമ നം . | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ബി എസ് എൻ എൽ |
| 2 | ക്ഷീരോൽപ്പാദക സംഘം വെള്ളാപ്പള്ളി |
| 3 | ഇണ്ടിപറമ്പിൽ ഫിനാൻസ് |
| 4 | ക്ഷീരോൽപ്പാദക സംഘം പി സി കവല |

കൂടാതെ പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾ , റേഷൻ കടകൾ ,കരാറുകാർ തുടങ്ങിയവയേയും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.05/26.11.2021) മറുപടിയിൽ മേൽ സൂചിപ്പിച്ച എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി . കേരള പഞ്ചായത്ത് രാജ് ആക്റ്റ് 204,205 വകുപ്പുകൾ , കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾ /ട്രേഡേഴ്സ് / ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2020-21 വർഷത്തെ തൊഴിൽ നികുതി ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

**1-16 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (l) (li) (lii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു

കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരുവ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

<u>ഒന്നാം അർദ്ധ വർഷം</u>

| ക്രമ നം . | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സെൻട്രൽ സർവ്വീസ് കോ.ഓപ്പറേറ്റിവ് ബാങ്ക് |
| 2 | മുത്തൂറ്റ് ഫിൻകോർപ്പ് ,നാലുകോടി |
| 3 | ബി എസ് എൻ എൽ |
| 4 | ക്ഷീരോൽപ്പാദക സംഘം നാലുകോടി |
| 5 | ക്ഷീരോൽപ്പാദക സംഘം വെള്ളാപ്പള്ളി |
| 6 | ഇണ്ടിപറമ്പിൽ ഫിനാൻസ് |
| 7 | ക്ഷീരോൽപ്പാദക സംഘം പി സി കവല |
| 8 | കുത്തുകല്ലുങ്കൽ ഫിനാൻസ് |

<u>രണ്ടാം അർദ്ധ വർഷം</u>

| ക്രമ നം . | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സെൻട്രൽ സർവ്വീസ് കോ.ഓപ്പറേറ്റിവ് ബാങ്ക് |
| 2 | മുത്തൂറ്റ് ഫിൻകോർപ്പ് ,നാലുകോടി |
| 3 | ബി എസ് എൻ എൽ |
| 4 | നിയാസ് ഫിഷ് മാർക്കറ്റ് |
| 5 | ക്ഷീരോൽപ്പാദക സംഘം നാലുകോടി |
| 6 | ക്ഷീരോൽപ്പാദക സംഘം വെള്ളാപ്പള്ളി |
| 7 | ഇണ്ടിപറമ്പിൽ ഫിനാൻസ് |
| 8 | ക്ഷീരോൽപ്പാദക സംഘം പി സി കവല |

കൂടാതെ പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾ , റേഷൻ കടകൾ ,കരാറുകാർ തുടങ്ങിയവയേയും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.05/26.11.2021) മറുപടിയിൽ മേൽ സൂചിപ്പിച്ച എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി . കേരള പഞ്ചായത്ത് രാജ് ആക്റ്റ് 204,205 വകുപ്പുകൾ , കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾ /ട്രേഡേഴ്സ് / ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ 2020-21 വർഷത്തെ സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

**1-17 ലേലം നടന്നില്ല - മുറിച്ചിട്ട ആഞ്ഞിലി മരം നശിച്ചുകൊണ്ടിരിക്കുന്നു .**

മുതിർന്ന പൗരന്മാർക്ക് വിനോദവിജ്ഞാന വിശ്രമകേന്ദ്രം നിർമ്മിക്കുന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് സൈറ്റ് ക്ലിയർ ചെയ്യുന്നതിന് 2018-19 കാലയളവിൽ പി.എച്ച്.സി. കോമ്പൗണ്ടിൽ മുറിച്ചിട്ട

ആഞ്ഞിലി മരം നാളിതുവരെ ലേലം ചെയ്തിട്ടില്ല . 06/12/2021 ന് ഓഡിറ്റ് നടത്തിയ ഭൗതീക പരിശോധനയിൽ പി.എച്ച്.സി. കോമ്പൗണ്ടിന്റെ വിവിധ ഭാഗങ്ങളിൽ മുറിച്ചിട്ട ആഞ്ഞിലി മരം മഴയും വെയിലും ഏറ്റ് നശിച്ചുകൊണ്ടിരിക്കുന്നതാണ് കാണാൻ കഴിഞ്ഞത് .





ആഞ്ഞിലി മരത്തിന്റെ വാല്യുവേഷൻ വിശദാംശങ്ങൾ (അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, കോട്ടയത്തിന്റെ 08.08.2018ലെ എസ്.എഫ്.3-1303/2016 നമ്പർ കത്ത്) ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | B.H.ൽ ചുറ്റളവ് (സെ.മീ) | വ്യാപ്തം | | നിരക്ക് (രൂ) | | വില (രൂ) | |
|---|---|---|---|---|---|---|---|---|
| | | | തടി M3 | വിറക് (MT) | തടി | വിറക് | തടി | വിറക് |
| 1. | ആഞ്ഞിലി | 212 | 1.980 | 1.230 | 26830 | 1770 | 53123 | 2177 |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/06.12.2021) വ്യാല്യുവേഷൻ തുക കൂടുതലായതിനാൽ 11.10.18ൽ നടന്ന ലേലത്തിലും 02.11.18ലെ പുനർ ലേലത്തിലും ആരും പങ്കെടുത്തില്ല എന്നും തുടർന്ന് 10.01.19ൽ മരങ്ങളുടെ റീവാല്യുവേഷൻ നടത്തുന്നതിന് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് കത്ത് നൽകിയെങ്കിലും പുനർമൂല്യ നിർണ്ണയം നടത്തി ലഭിക്കാതിരുന്നതിനാൽ തടികൾ ലേലം ചെയ്യുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത് എന്നും മറുപടി നൽകി .മുറിച്ചിട്ട മരങ്ങൾ നശിച്ച് പോകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ് . ഈ വിഷയത്തിൻ മേൽ സത്വര നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.


## 1-18 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം 2020-21 കാലയളവിൽ വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 1088 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ഉപയോഗക്രമം | എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,ഷോപ്പുകൾ,ഗോഡൗൺ | 787 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,ഷോപ്പുകൾ,ഗോഡൗൺ | 129 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ | 7 |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ | 53 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ,പെട്ടിക്കടകൾ,കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷൻ | 43 |
| 6 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറിഷെഡ്, കയർപിരി ഷെഡ് | 31 |
| 7 | ഇതരവ്യവസായങ്ങൾക്കാവശ്യമുള്ളവ | 38 |
| | **ആകെ** | 1088 |

ലൈസൻസ് രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷം ലൈസൻസെടുത്ത് പ്രവർത്തിച്ച സ്ഥാപനങ്ങൾ 195 എണ്ണം മാത്രമാണ്. സഞ്ചയയിലെ കണക്കു പ്രകാരം 20 കെട്ടിടങ്ങൾ മാത്രമാണ് പഞ്ചായത്ത് പരിധിയിൽ തൻവർഷം വേക്കൻസി റമിഷന് അപേക്ഷിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ ലൈസൻസെടുക്കാതെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്

. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുമില്ല. ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയ സോഫ്റ്റ്‌വെയറിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെയും കണക്കുകൾ തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നതിന് കാരണം അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 25/2020-21,തീയതി 04/12/21 ) കോവിഡ് പ്രതിസന്ധി മൂലം വളരെയധികം കച്ചവട സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുത്ത് പ്രവർത്തിക്കാൻ കഴിഞ്ഞില്ല എന്ന് മറുപടി നൽകി . ഈ മറുപടി അംഗീകരിക്കാൻ കഴിയുന്നതല്ല ,കാരണം കോവിഡ് പ്രതിസന്ധി ഇല്ലാതിരുന്ന 2019-20 കാലയളവിലും ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയ സോഫ്റ്റ്‌വെയറിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെയും കണക്കുകൾ തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുകയാണ്. വിശകലനം ചുവടെ ചേർക്കുന്നു




കൂടാതെ വി ഇ.ഒ യുടെ പ്രോജക്റ്റ് (224/21) ഉപയോഗിച്ച് നിർമ്മിച്ച വനിതാ കുടുബശ്രീ യൂണിറ്റിന്റെ റാങ്ക് ബ്രിക്സ് എന്ന കട്ട കമ്പനി പോലും ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത് . നിലവിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും അതനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

**1-19 മോട്ടോർ ഫീ ഈടാക്കിയതിൽ കുറവ്**

വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥലത്തിന് മോട്ടോർ ഫീ ഈടാക്കേണ്ടതുണ്ട് . എന്നാൽ പായിപ്പാട് ഗ്രാമപഞ്ചായത്തിലെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 വർഷത്തിൽ മോട്ടോർ ഫീ ഈടാക്കിയതിൽ കുറവ് ഉള്ളതായി കാണുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം. | വാർഡ് | ഉടമസ്ഥന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന മോട്ടോർ | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | ഈടാക്കാനുള്ള തുക |
|---|---|---|---|---|---|---|---|
| 1 | 11/280 | മുഹമ്മദ് ഇബ്രാഹിം | സോ മിൽ | 44എച്ച്.പി | 500 | 200 | 300 |
| 2 | 4/3 | വർഗ്ഗീസ് ദേവസ്യ | ഫ്ലോർ മിൽ | 20എച്ച്.പി | 200 | 100 | 100 |
| 3 | 111/405 ഇ | ബിൻസി മോൾ സ്കറിയ | ഇന്റർലോക്ക് നിർമ്മാണം | 10എച്ച്.പി | 100 | 50 | 50 |
| 4 | 111/405 എ | ഡെന്നിസ് ദേവസ്യ | കോൺക്രീറ്റ് കട്ട നിർമ്മാണം | 8എച്ച്.പി | 100 | 50 | 50 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | 111/244 | ദേവസ്യ ഫ്രാൻസിസ് | സോ മിൽ | 37എച്ച്.പി | 400 | 150 | 250 |
| 6 | 14/35 | ഫിലിപ്പൺ തോമസ് | ഓയിൽ മിൽ | 10എച്ച്.പി | 100 | 50 | 50 |
| ആകെ | | | | | | | 800 |

നിയമാനുസൃതമായ മോട്ടോർ ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം -09/2020-21 തീയതി 01.12.2021) ബാക്കി മോട്ടോർ ഫീ കൂടി ഒടുക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി .

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 233പ്രകാരമുള്ള മോട്ടോർ ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-20 മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു - 247500 രൂപ തിരികെ ഈടാക്കണം**

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു . എന്നാൽ പായിപ്പാട് ഗ്രാമ പഞ്ചായത്തിലെ 2020-21 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഗുണഭോക്താക്കളുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടു പോലും ഓഡിറ്റ് നടക്കുന്ന തീയതി വരെയും പെൻഷൻ സസ്പെന്റ് ചെയ്തിട്ടുമില്ല . വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം പായിപ്പാട് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | രാജമ്മ റ്റി.എസ് | വാർദ്ധക്യ പെൻഷൻ | 105580200767 | 17/04/20 | 19/06/20 | 05/20 മുതൽ 10/21 വരെ | 27700 |
| 2 | തങ്കമണി രാമകൃഷ്ണപിള്ള | വാർദ്ധക്യ പെൻഷൻ | 105580201381 | 04/05/20 | 19/06/20 | 06/20 മുതൽ 10/21 വരെ | 25200 |
| 3 | സാവിത്രി | കർഷക തൊഴിലാളി പെൻഷൻ | 105580100274 | 26/06/20 | 12/08/20 | 07/20 മുതൽ 10/21 വരെ | 23900 |
| 4 | അന്നമ്മ എബ്രഹാം | കർഷക തൊഴിലാളി പെൻഷൻ | 105580100183 | 05/08/20 | 11/09/20 | 09/20 മുതൽ 01/21 വരെ | 7100 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | അന്നമ്മ തോമസ്സ് | വാർദ്ധക്യ പെൻഷൻ75 | 105580200073 | 30/07/20 | 11/09/20 | 08/20 മുതൽ 10/21 വരെ | 23200 |
| 6 | തോമസ് | വാർദ്ധക്യ പെൻഷൻ | 105580200832 | 18/06/20 | 11/09/20 | 07/20 മുതൽ 10/21 വരെ | 23900 |
| 7 | രാജപ്പൻ | കർഷക തൊഴിലാളി പെൻഷൻ | 105580100500 | 13/05/20 | 08/10/20 | 06/20 മുതൽ 10/21 വരെ | 25200 |
| 8 | ഐസക്ക് വർഗ്ഗീസ് | കർഷക തൊഴിലാളി പെൻഷൻ | 105580100418 | 17/09/20 | 27/10/20 | 10/20 മുതൽ 10/21 വരെ | 19900 |
| 9 | കല്ല്യാണി | കർഷക തൊഴിലാളി പെൻഷൻ | 105580100064 | 08/09/20 | 27/10/20 | 10/20 മുതൽ 10/21 വരെ | 19900 |
| 10 | ചെല്ലമ്മ കൃഷ്ണൻ | വിധവ പെൻഷൻ | 105580600297 | 21/08/20 | 27/10/20 | 09/20 മുതൽ 04/21 വരെ | 11700 |
| 11 | കുഞ്ഞമ്മ കേശവൻ | കർഷക തൊഴിലാളി പെൻഷൻ | 105580100188 | 31/08/20 | 27/10/20 | 9/20 മുതൽ 10/21 വരെ | 21300 |
| 12 | പങ്കജാക്ഷി | വാർദ്ധക്യ പെൻഷൻ | 105580200552 | 02/10/20 | 27/10/20 | 11/20 മുതൽ 10/21 വരെ | 18500 |
| | | | | | | | 247500 |

പെൻഷൻ തുക സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു .

| | 04/2019 മുതൽ 03/2020 വരെ | 04/2020 മുതൽ 08/2020 വരെ | 09/2020 മുതൽ 12/2020 വരെ | 01/2021 മുതൽ 03/2021 വരെ | 04/2021 മുതൽ 10/2021 വരെ |
|---|---|---|---|---|---|
| വാർദ്ധക്യകാല പെൻഷൻ (75 വയസിൽ കൂടുതൽ) | 1500 | 1500 | 1500 | 1500 | 1600 |
| മറ്റ് ക്ഷേമ പെൻഷനുകൾ | 1200 | 1300 | 1400 | 1500 | 1600 |

അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ ബാങ്കിലേക്കയക്കുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല . ഓഡിറ്റ് ഇത് പരിശോധിക്കുന്ന വേളയിലും മേൽ സൂചിപ്പിച്ചവരുടെ പെൻഷൻ സ്റ്റാറ്റസ് സേവനയിൽ ആക്ടീവ് ആയി തുടരുകയുമാണ് . ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്.

ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ പായിപ്പാട് ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 03/2020-21,തീയതി -26/11/21 ) പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചതായും തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി .

ധനകാര്യ വകുപ്പിന്റെ 5-11.20 ലെ 67/20 നമ്പർ സർക്കുലർ , ധനകാര്യ വകുപ്പിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്) നം.97/2020/ധന നമ്പർ ഉത്തരവ് എന്നിവ പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 247500/- രൂപ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ് . ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതുമാണ് .

## 1-21 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകയും കൈപ്പറ്റി

സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകയും കൈപ്പറ്റിയതായി രേഖകൾ പരിശോധിച്ചതിൽ നിന്നും ബോധ്യമാകുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | പേരും വിലാസവും | പെൻഷൻ ഐ.ഡി | അനർഹമായി കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ആനന്ദവല്ലി അമ്മ , പുതുപുരയ്ക്കൽ നാലുകോടി , | 105580200594 | 54700 |
| 2 | ഭാസുരാംഗി കിഴക്കേകുറ്റ് പെരുന്ന പി ഒ , | 105580100978 | 8100 |
| 3 | ശാരദാമ്മ ചരിവുപറമ്പ് പായിപ്പാട് , | 105580600464 | 55200 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 02/2020-21,തീയതി-26/11/21 ) ക്രമ നമ്പർ 1,2 എന്നിവരിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി സർക്കാരിൽ ഒടുക്കിയിട്ടുണ്ടെന്നും ക്രമ നമ്പർ 3 ൽ സൂചിപ്പിച്ച വ്യക്തി ഗഡുക്കളായി തിരികെ ഒടുക്കുന്നുണ്ടെന്നും മറുപടി നൽകി .

ക്രമ നമ്പർ 3 ൽ സൂചിപ്പിച്ച വ്യക്തിയിൽ നിന്നു അവർ സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ

അനർഹമായി കൈപ്പറ്റിയ തുക പൂർണ്ണമായും തിരികെ ഈടാക്കി സർക്കാരിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ സാമൂഹ്യ സുരക്ഷാപെൻഷൻ അനുവദിക്കുമ്പോൾ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതുമാണ് .

## 1-22 ഇ—ടെണ്ടർ –ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ്ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. 2020-21വർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർ ഫീസിനത്തിൽ ഇപ്രകാരം കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നതും ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് / നം | ലഭിച്ച ടെൻഡറുകൾ | ടെൻഡർ ഫീസ് | ആകെ ടെൻഡർ ഫീസ് |
|---|---|---|---|---|
| 1 | ബാബു സദനം ചെറുവള്ളി റോഡ് കോൺക്രീറ്റിംഗ് | 2 | 590 | 1180 |
| 2 | വേഷ്ണാൽ അയ്യരുകുളം റോഡ് കോൺക്രീറ്റിംഗ് | 3 | 900 | 2700 |
| 3 | പുത്തൻപറമ്പ് കുന്നേൽ പറമ്പ് റോഡ് കോൺക്രീറ്റിംഗ് | 2 | 850 | 1700 |
| 4 | CMLRRP- കവലിക്കര മായിത്തറ റോഡ് കോൺക്രീറ്റിംഗ് | 2 | 5900 | 11800 |
| 5 | എഴുവന്നത്താനം കുന്നംപുറം റോഡ് കോൺക്രീറ്റിംഗ് | 2 | 590 | 1180 |
| 6 | പായിപ്പാട് കീഴടി റോഡ് കോൺക്രീറ്റിംഗ് | 2 | 650 | 1300 |
| 7 | മുണ്ടുകോട്ട പാറങ്കൽപടി റോഡ് കോൺക്രീറ്റിംഗ് | 1 | 1050 | 1050 |
| 8 | ഉറവയ്ക്കൽ ഇത്തിമുണ്ടക്കം റോഡ് കോൺക്രീറ്റിംഗ് | 1 | 650 | 650 |
| 9 | CMLRRP- പുത്തെൻകാവ് ഗവ.യുപിഎസ് റോഡ് കോൺക്രീറ്റിംഗ് | 1 | 2150 | 2150 |
| 10 | CMLRRP- പഞ്ചായത്ത് പുതുജീവൻ റോഡ് | 2 | 2950 | 5900 |
| 11 | മുണ്ടുകോട്ട പാറങ്കൽപടി | 1 | 1050 | 1050 |

| | | | | |
|---|---|---|---|---|
| | റോഡ് റീട്ടയറിംഗ് | | | |
| 12 | പാറയിൽ മന്ദിരം പടി റോഡ് കോൺക്രീറ്റിംഗ് | 2 | 890 | 1780 |
| 13 | മന്ദാനം കോളനി റോഡ് മെയിന്റനൻസ് | 1 | 590 | 590 |
| 14 | മൂലേപുതുവേൽ റോഡ് കോൺക്രീറ്റിംഗ് | 2 | 1100 | 2200 |
| 15 | പൊടിപ്പാറ മൂലയിൽപാടി റോഡ് മെയിന്റനൻസ് | 2 | 590 | 1180 |
| 16 | പൂവംപള്ളി പെരുമ്പുഴകടവ് റോഡ് കോൺക്രീറ്റിംഗ് | 3 | 890 | 2670 |
| 17 | ഒട്ടത്തില്പടി അടവിച്ചിറ പാടം റോഡ് കോൺക്രീറ്റിംഗ് | 2 | 680 | 1360 |
| 18 | ഉറവയ്ക്കൽ ഇത്തിമുണ്ടക്കം റോഡ് കോൺക്രീറ്റിംഗ് | 2 | 650 | 1300 |
| 19 | താഴൂർ കുന്നംപള്ളി വലിയ പറമ്പിൽ റോഡ് കോൺക്രീറ്റിംഗ് | 2 | 670 | 1340 |
| 20 | ബൈബിൾ കോളേജ് മുക്കംചിറം റോഡ് കോൺക്രീറ്റിംഗ് | 2 | 1450 | 2900 |
| 21 | മാലയിൽമറ്റം റോഡ് ഇപ്രൂവ്മെന്റ് | 1 | 590 | 590 |
| 22 | കടുതന്നം ഉരുളേപറമ്പ് റോഡ് | 1 | 740 | 740 |
| 23 | അഞ്ചിൽച്ചുവട് കലുങ്ക് റോഡ് കോൺക്രീറ്റിംഗ് | 1 | 590 | 590 |
| 24 | കടുതന്നം ഉരുളേപറമ്പ് റോഡ് | 1 | 740 | 740 |
| 25 | മാലയിൽമറ്റം റോഡ് ഇപ്രൂവ്മെന്റ് | 1 | 590 | 590 |
| 26 | മടത്തിൽപടി വാനട്ടു റോഡ് ഇപ്രൂവ്മെന്റ് | 1 | 590 | 590 |
| 27 | പൂവംപള്ളി എസി കോളനി റോഡ് കോൺക്രീറ്റിംഗ് | 1 | 590 | 590 |
| 28 | പുത്തൻകാവ് കണ്ണാട്ട് റോഡ് കോൺക്രീറ്റിംഗ് | 3 | 590 | 1770 |

| | | | | |
|---|---|---|---|---|
| 29 | വിയപുരം അച്ചോത്തിൽ റോഡ് കോൺക്രീറ്റിംഗ് | 1 | 590 | 590 |
| 30 | കൊമ്പാട്ടുപടി പുതുജീവൻപടി റോഡ് മെയിന്റനൻസ് | 1 | 590 | 590 |
| 31 | മുട്ടത്തേറ്റുപടി കൈതകാട്ടിൽ റോഡ് മെയിന്റനൻസ് | 1 | 590 | 590 |
| 32 | എറണാകേരിപടി കുഴിമണ്ണിൽ കോളനി റോഡ് കോൺക്രീറ്റിംഗ് | 2 | 590 | 1180 |
| 33 | വിയപുരം അച്ചോത്തിൽ റോഡ് കോൺക്രീറ്റിംഗ് | 1 | 590 | 590 |
| 34 | പൂവംപള്ളി എസി കോളനി റോഡ് കോൺക്രീറ്റിംഗ് | 1 | 590 | 590 |
| ആകെ | | | | 56310 |

2020-21 വർഷം ഇ-ടെൻഡർ ഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭിച്ചിട്ടുള്ള തുക ടി അക്കൗണ്ടിൽനിന്നും തിരികെ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ടെൻഡർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിലേക്കും ജി.എസ്.റ്റി. ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്കും അടവാക്കേണ്ടതുമാണ്.

## 1-23 ഐകെഎം വിഹിതം - കുടിശ്ശിക നിലനിൽക്കുന്നു

2020-21 ലെ ഐകെഎം വിഹിതം ,ഡിമാന്റ് നോട്ടീസ് പ്രകാരം 82885- രൂപ ( Bill No.9/20-21/22-01-21) ഐകെഎം ലേക്ക് അടച്ചിട്ടുണ്ട്. എന്നാൽ IKM ന്റെ ഡിമാന്റ് നോട്ടീസ് പ്രകാരം മുൻവർഷങ്ങളിൽ കുടിശ്ശിക നിലനിൽക്കുന്നു 18-03-20 ലെ ഐകെഎം ന്റെ കത്ത് പ്രകാരം 17-18 മുതൽ 19-20 വരെ ആകെ 33101- രൂപ കുടിശ്ശികയുണ്ട്. ( 150+6523+26428 ) ഇപ്രകാരം കുടിശ്ശിക വരാനുള്ള കാരണവും കുടിശ്ശിക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് ( നം.18 ) 2021-22 വർഷം കുടിശ്ശികയിൽ 27327- രൂപ അടവാക്കിയിട്ടുണ്ടെന്നാണ്. കുടിശ്ശികയിൽ ബാക്കി നിൽക്കുന്ന 5594- ( 17-18 വർഷത്തെ 150- രൂപ + 18-19 വർഷത്തെ 5444- രൂപ) കൂടി അടവാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-24 പൊതുടാപ്പുകളുടെ വെള്ളക്കരം- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല-

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പൊതുടാപ്പുകളുടെ വെള്ളക്കരം പദ്ധതിയിൽ 20-21 വർഷം മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് വിഹിതത്തിൽ നിന്നും ആകെ 790000- രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ 12/20 വരെയുള്ള ഡിമാന്റ് നോട്ടീസ് പ്രകാരം 186 ടാപ്പുകളാണുള്ളത്. പ്രതിമാസം 81375- (5250/12*186) രൂപയാണ് അടച്ച പോരുന്നതെങ്കിലും 1/21 മുതൽ 188 ടാപ്പുകൾക്ക് 82250- പ്രതിമാസനിരക്കിലാണ് ഡിമാന്റ് ചെയ്യുന്നതും ഒടുക്കുന്നതും. പഞ്ചായത്തിലെ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തി തിട്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുവാനും സംയുക്തപരിശോധന നടത്തിയിട്ടില്ലെങ്കിൽ ടാപ്പുകളുടെ എണ്ണത്തിൽ വ്യത്യാസം വരാനുള്ള കാരണം വ്യക്തമാക്കാനുമാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് ( നം. 19 ) മറുപടി നൽകിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്

**1-25 ആശ്രയ പദ്ധതി- തുക ചെലഴിച്ചിട്ടില്ല**

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ആശ്രയ (പ്രോ.നം.49/21) പദ്ധതിയ്ക്കായി പദ്ധതിവികസനഫണ്ടിൽ നിന്നും 300000- ( Bill No.50/30-3-21) കുടുംബശ്രീയുടെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകി. തുകയുടെ വിനിയോഗവിവരം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് ( നം.20 ) അഗതിരഹിതകേരളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 4 ഗുണഭോക്താക്കൾക്ക് വീട് മെയിന്റനൻസ് / വീട് നിർമ്മാണത്തിന് ധനസഹായം അനുവദിയ്ക്കുന്നതിന്

12-11-21 ലെ 9(4) നം തീരുമാനമെടുത്തിട്ടുള്ളതായി മറുപടി നൽകി. തുകയുടെ വിനിയോഗ വിവരം അറിയിക്കേണ്ടതാണ്.

**1-26 അംഗീകാരമില്ലാത്ത തസ്തികയിൽ ദിവസവേതന വ്യവസ്ഥയിൽ നിയമിച്ച**

ഓഡിറ്റ് കാലയളവിൽ (2019-20, 2020-21) പഞ്ചായത്ത് ഓഫീസിൽ ദിവസവേതന വ്യവസ്ഥയിൽ ഒരു ഡേറ്റ എൻടി ഓപ്പറേറ്ററെ (ശ്രീമതി. ഷൈനി കുര്യൻ) നിയമിച്ച് ദിവസ വേതനാടിസ്ഥാനത്തിൽ വേതനം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | കൈപ്പറ്റിയ തുക | വൗച്ചർ നം., തീയതി |
|---|---|---|---|
| 1 | 07/2019 | 15950 | 21900259/1.07.2019 |
| 2 | 08/2019 | 18500 | 21900327/1.08.2019 |
| 3 | 09/2019 | 14800 | 21900414/3.9.2019 |
| 4 | 11/2019 | 17020 | 21900607/1.11.2019 |
| 5 | 02/2020 | 17760 | 21900867/3.09/2019 |
| 6 | 04/2020 | 18500 | 22000008/01.4.2020 |
| 7 | 07/2020 | 16280 | 22000218/01.07.2020 |
| 8 | 08/2020 | 17020 | 22000311/4.8.2020 |
| 9 | 10/2020 | 12580 | 22000482/1.10.2020 |
| 10 | 11/2020 | 15540 | 220090588/3.11.2020 |
| 11 | 12/2020 | 16280 | 22000668/1.12.2020 |
| 12 | 01/2021 | 16280 | 22000724/1.01.2021 |
| 13 | 02/2021 | 17020 | 220009818/1.02.2021 |
| 14 | 03/2021 | 17365 | 22000950/09.3.2021 |

ഹാജർ പുസ്തകം പരിശോധിച്ചതിൽ ദീർഘകാലം ക്ലറിക്കൽ തസ്തികയൊന്നും ഓഡിറ്റ് വർഷങ്ങളിൽ ഒഴിഞ്ഞ് കിടന്നതായി കാണുന്നില്ല. നിയമനം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.24/4.12.2021) പ്രോജക്ടുമായി ബന്ധപ്പെട്ട വർക്കിനും ക്ലറിക്കൽ വർക്ക് ചെയ്യുന്നതിനുമായിട്ടാണ് പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം ടിയാളെ നിയമിച്ചത് എന്ന് മറുപടി ലഭിച്ചു. നിലവിലില്ലാത്ത തസ്തികയിൽ ദിവസവേതന വ്യവസ്ഥയിൽ നിയമിച്ച് ശമ്പളം നൽകുന്ന രീതി അവസാനിപ്പിക്കേണ്ടതും നിയമനം പുന:പരിശോധിക്കേണ്ടതുമാണ്. വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-27 അംഗപരിമിതർക്ക് സൈഡ് വീലുള്ള സ്കൂട്ടർ - ലൈസൻസ് ലഭ്യമായില്ല**

പ്രോജ. നം.220/2020-21, അംഗപരിമിതർക്ക് സൈഡ് വീലുള്ള സ്കൂട്ടർ(സ്പിൽ ഓവർ)

അടങ്കൽ - 680000/-

ചെലവ് - 622986/-(വി.ഫ-620000+തനത്-2986)

നിർവഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

ബിൽ നം.9675/28.9.2020

ചെക്ക് നം.581119/30.9.2020

ടി പ്രോജക്ടിൽ 7 ഗുണഭോക്താക്കൾക്ക് സൈഡ് വീലുള്ള സ്കൂട്ടർ തൻവർഷം കെൽട്രോണിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്.

കെൽട്രോണിൽ നിന്നും 88998/- രൂപ വീതം വിലയുള്ള മുച്ചക്രസ്കൂട്ടർ ലേണേഴസ് ലൈസൻസിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് വാങ്ങി നൽകിയെങ്കിലും നാളിതുവരെ അസ്സൽ ലൈസൻസ് ലഭിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | വാർഡ് |
|---|---|---|
| 1. | ശശിധരൻ | 7 |
| 2. | വിജയപ്പൻ | 7 |
| 3. | കൃഷ്ണൻകുട്ടി | 15 |
| 4. | ശാന്തപ്പൻ | 14 |

ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/2.12.2021) മൂന്ന് മാസത്തിനകം അസ്സൽ ലൈസൻസ് എടുത്ത് നൽകാം എന്ന ഉറപ്പിന്മേലാണ് വാഹനം അനുവദിച്ചതെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ലേണേഴസ് ലൈസൻസിന്റെ കാലാവധി അവസാനിക്കുകയും ടി ഗുണഭോക്താക്കൾക്ക് യഥാസമയം ലൈസൻസ് ലഭിക്കാതിരിക്കുകയും ചെയ്തതിനാൽ പ്രോജക്ടിന്റെ യഥാർത്ഥ ലക്ഷ്യം നടപ്പായില്ല. പ്രസ്തുത ഗുണഭോക്താക്കളുടെ അസ്സൽ ലൈസൻസ് ഹാജരാക്കുന്നതുവരെ (4x88998) 355992/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-28 എ.ബി.സി പ്രോഗ്രാം-വിനിയോഗവിവരം ലഭ്യമല്ല**

2020-21 വർഷം വെറ്ററിനറി സർജൻ നിർവഹണം നടത്തിയ എ.ബി.സി പ്രോഗ്രാം ( പ്രോജക്ട് നമ്പർ -3/21 ) എന്ന പ്രോജക്ട് പ്രകാരം വികസനഫണ്ടിൽ നിന്നും 210000/-രൂപ (ബിൽ നമ്പർ – 15/30.3.2021 ) എ.ബി സി പ്രോജക്ട് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പ്രോജക്ട് നിർവഹണത്തിന്റെ വിശദാംശങ്ങൾ ,വിനിയോഗവിരം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ 200000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-29 പി.എച്ച്.സിക്ക് മരുന്നു വാങ്ങൽ –മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല.**

2020-21 വർഷം പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പി.എച്ച്.സിക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ട് (നമ്പർ 100/20-21 ) പ്രകാരം 300000/- ( ബിൽ നമ്പർ 10/31.10.2020 ) രൂപ കേരള സ്റ്റേറ്റ് മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയതിൽ 292360/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. നാളിതുവരെ 7640/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് മരുന്ന് പൂർണ്ണമായും ലഭ്യമാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. 7640/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-30 ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല**

2020-21 വർഷം ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ട് (നമ്പർ 80/20-21 ) പ്രകാരം 90000/- ( ബിൽ നമ്പർ 1/14.12.2020 ) രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ- ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയതിൽ 47765/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. നാളിതുവരെ 42235 /- മരുന്നുകൾ ലഭിച്ചിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് മരുന്ന് പൂർണ്ണമായും ലഭ്യമാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. 42235/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-31 എച്ച്.എം 2020-21 ൽ നടപ്പാക്കിയ വിവിധ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല**

**1)പ്രോജ. നം.4/2020-21, എസ്.എസ്.എ വിഹിതം നൽകൽ**

അടങ്കൽ - 841659/-

ചെലവ് - 841659/- (വി.ഫ)

ബിൽ നം.1/2020-21 തീ.22.06.2020

ടി പ്രോജക്ട് പ്രകാരം ജില്ലാ പ്രോജക്ട് ഓഫീസറുടെ (സമഗ്ര ശിക്ഷ, കോട്ടയം) പേരിൽ മേൽ തുക മാറി നൽകിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭിച്ചില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/2.12.2021) വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനായി കോട്ടയം ജില്ലാ പ്രോജക്ട് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭിച്ചാലുടൻ അറിയിക്കുന്നതാണ് എന്നും മറുപടി ലഭിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ 841659 രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

**2)പ്രോജ. നം.71/21, സാക്ഷരത - എസ്.എസ്.എൽ.സി / ഹയർ സെക്കന്ററി തുല്യത പഠന പദ്ധതി**

അടങ്കൽ - 50000/-

ചെലവ് - 49500/-(തനത്)

ചെക്ക് നം. - 0581154/22.3.2021

മേൽ പ്രോജക്ട് പ്രകാരം തുല്യതാ പഠന പദ്ധതിയ്ക്കായി 49500/- രൂപ സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/2.12.2021) വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനായി കോട്ടയം ജില്ലാ സാക്ഷരതാ മിഷന് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭിച്ചാലുടൻ ഹാജരാക്കുന്നതാണെന്നും മറുപടി ലഭിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ 49500/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

**1-32 ലൈഫ് പദ്ധതി - അവലോകനം**

ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവനപദ്ധതിയുടെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 4 ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിലെ കരാറിലേർപ്പെട്ട 40ഗുണഭോക്താക്കളിൽ 37 ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തീകരണഘട്ടത്തിലാണ്. ബാക്കി 2 ഗുണഭോക്താക്കളിൽ ഒരാൾ 2020-21 ൽ എഗ്രിമെന്റ് വെച്ചിട്ടുണ്ട്. ഒരാൾ നാളിതുവരെ നിർമ്മാണം ആരംഭിച്ചില്ല.

2020-21 ലെ മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരെയായിരുന്ന ഗുണഭോക്താക്കളായി

തെരഞ്ഞെടുത്തത്. ഭൂമി ആർജ്ജിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അർഹരായ ഗുണഭോക്താക്കളുടെഎണ്ണം | 78 |
| സ്വന്തമായി ഭൂമി ആർജ്ജിച്ചവർ | 7 |
| സ്പോൺസർഷിപ്പ് വഴി ഭൂമി ലഭിച്ചവർ | 0 |
| പട്ടികജാതി വികസനവകുപ്പ് വഴി ഭൂമി ലഭിച്ചവർ | 3 |
| തദ്ദേശസ്വയംഭരണസ്ഥാപനം വഴി ഭൂമി ലഭിച്ചവർ | 10 |

2020-21 ലെ **മൂന്നാം ഘട്ടത്തി**ലെ സാമ്പത്തിക വിശകലനം

| വിഭാഗം | വികസന ഫണ്ട് | സംസ്ഥാനാവിഷ്കൃത പദ്ധതി | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| **എസ്.സി** വകയിരുത്തിയത് | 3074275 | 0 | 900000 | 728800 | 0 | 4703075 |
| ചെലവ് | 1650000 | 0 | 0 | 0 | 0 | 1650000 |
| **ജനറൽ** വകയിരുത്തിയത് | 2980800 | 6900000 | 7500000 | 7439200 | 15180000 | 40000000 |
| ചെലവ് | 2980800 | 0 | 0 | 0 | 640000 | 3620800 |

ഗുണഭോക്തൃ ലിസ്റ്റിൽ അവശേഷിക്കുന്ന ഗുണഭോക്താക്കളെ ഭവനനിർമ്മാണത്തിനായി 2021-22 വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി. മൂന്നാം ഘട്ടത്തിൽ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

**1-33 സി.എഫ് .എൽ .റ്റി.സി -അവലോകനം**

കോവിഡ്- 19വ്യാപനം തടയുന്നതിന് വേണ്ടി സ.ഉ(സാധാ) നം.1364/2020/ത.സ്വ.ഭ.വ തീയതി 16.07.2020-ലെ തീരുമാനപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, ആരോഗ്യവകുപ്പും, ജില്ലാദുരന്തനിവാരണ അതോറിട്ടിയും ചേർന്ന് പ്രത്യേകമായി തയ്യാറാക്കുന്ന ആരോഗ്യ പരിപാലന കേന്ദ്രങ്ങളാണ് COVID FIRSTLINE TREATMENT CENTRE (CFLTC) കോവിഡിന്റെ സമൂഹവ്യാപനമുണ്ടായാൽ നിലവിലുള്ള പൊതു ജനാരോഗ്യ സംവിധാനത്തിന്റെ പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിൽ അവശ്യ സൌകര്യങ്ങളുള്ള പ്രാദേശികകേന്ദ്രങ്ങളായാണ് സിഎഫ് എൽ റ്റി സി കളെ വിഭാവനം ചെയ്തിട്ടുള്ളത്. ചികിത്സ, ചികിത്സയുമായി ബന്ധപ്പെട്ട ഉപാധികൾ, ഉപകരണങ്ങൾ, മരുന്നുകൾ, എന്നിവ ഒഴികെയുള്ള എല്ലാ ഭൗതിക സാഹചര്യം ഒരുക്കലിന്റെയും ദൈനംദിന നടത്തിപ്പിന്റെയും ഭക്ഷണം, ശുചിത്വം എന്നിവയുടെയും ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനാണ്. ആയതിനായി ചുവടെ സൂചിപ്പിക്കും പ്രകാരം ഒരു **മാനേജിംഗ് കമ്മറ്റി** രൂപീകരിച്ചിട്ടുണ്ട്.

ചെയർപെഴ്സൺ- തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷൻ

വൈസ്ചെയർപെഴ്സൺ- ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപെഴ്സൺ

കൺവീനർ-എം.ഒ, പിഎച്ച്സി/സിഎച്ച്സി

ജോയിന്റ് കൺവീനർ -തദ്ദേശസ്വയംഭരണസ്ഥാപനം തീരുമാനിയ്ക്കുന്ന നോഡൽ ഓഫീസർ

മെമ്പർ-വാർഡ് മെമ്പർ /സെക്രട്ടറി

തുടക്ക പ്രവർത്തനങ്ങൾക്ക് അഡ്വാൻസായി 200000/- രൂപ ജില്ലാ കളക്ടേറ്റിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ മുക്കാഞ്ഞിരം ബൈബിൾ കോളേജ് എന്ന സ്ഥാപനത്തിലാണ് സി എഫ് എൽ റ്റി സി/ഡി.സി.സി പ്രവർത്തിച്ചുവരുന്നത്. 63കിടക്കകൾ പ്രസ്തുത കേന്ദ്രത്തിൽ രോഗികൾക്കായി സജ്ജീകരിച്ചിട്ടുണ്ട്. കോവിഡ് വ്യാപനം കുറഞ്ഞതിനാൽ നിലവിൽ പ്രവർത്തനം അവസാനിപ്പിച്ചു.

**ഉത്തരവു പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ**

1.തിരിച്ചു നൽകേണ്ട സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ

2.സംഭാവനയായി ലഭിച്ച സാധനങ്ങളുടെ രജിസ്റ്റർ

3.സംഭാവനയായി ലഭിച്ച പണത്തിന്റെ രജിസ്റ്റർ

4.സ്റ്റോക്ക് രജിസ്റ്റർ

5.ആസ്തി രജിസ്റ്റർ

6.വരവു ചെലവു കണക്കു വ്യക്തമാക്കുന്ന രജിസ്റ്റർ

7.റൂം ക്ലീനിംഗ് ചാർട്ട്

8.വാർഡ് ക്ലീനിംഗ് ചാർട്ട്

9.റ്റോയ് ലെറ്റ് ക്ലീനിംഗ്ചാർട്ട്

10. Register Of Essential And Non -Essential Items

മേൽ സൂചിത രജിസ്റ്ററുകൾ തദ്ദേശസ്വയംഭരണസ്ഥാപനം കൃത്യമായും കാലികമാക്കിയും സൂക്ഷിച്ചിട്ടില്ല.

**സി എഫ് എൽ റ്റി സി യിൽ ഉപയോഗിച്ചിരുന്ന വാഹനങ്ങൾ**

നാല് വാഹനങ്ങളാണ് സി എഫ് എൽ റ്റി സി ആവശ്യങ്ങൾക്കായി ഉപയോഗിച്ചിരുന്നത്. മൂന്ന് ആംബുലൻസ് ഉൾപ്പെടെ ഏഴ് വാഹനങ്ങൾ വാടകയ്ക്ക് എടുത്തതാണ്.

**കുടിവെള്ള വിതരണം**

ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്.

**മാലിന്യ സംസ്കരണം**

അജൈവമാലിന്യങ്ങൾ സംസ്കരിയ്ക്കുന്നത് Indian Medical Association Goes Ecofriendly (IMAGE)എന്ന സ്ഥാപനത്തിന്റെ മേൽനോട്ടത്തിലാണ്. ജൈവമാന്യം ഉറവിടത്തിൽ തന്നെ സംസ്കരിയ്ക്കുന്ന രീതിയാണ്.

**ദിവസവേതനക്കാർ**

ശുചീകരണതൊഴിലാളികളെ ആരോഗ്യ വകുപ്പു മാനദണ്ഡങ്ങൾ പ്രകാരമുള്ള നിരക്കിൽ വേതനം നൽകി നിയമിയ്ക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതിയുണ്ട്. എന്നാൽ പ്രസ്തുത നിരക്കിൽ സിഎഫ് എൽ റ്റിസിയിൽ ജോലി ചെയ്യാൻ ജീവനക്കാർ തയ്യാറാകാത്തതിനാൽ മാനേജിംഗ് കമ്മറ്റി നിശ്ചയിച്ച നിരക്കിൽ ജീവനക്കാർക്ക് ജോലി ചെയ്യുന്ന കാലയളവിലും ക്വാറന്റൈൻ സമയത്തും ദിവസവേതനം നൽകിയിട്ടുണ്ട്.

**സാമ്പത്തിക വിശകലനം**

സ.ഉ(സാധാ) നം1364/2020/ത.സ്വ.ഭ.വ തീയതി16.07.2020-ലെ തീരുമാനപ്രകാരം 63 കോവിഡ് കിടക്കകൾ സിഎഫ് എൽ റ്റിസിയ്ക്ക് വേണ്ടി സജ്ജീകരിച്ചിട്ടുണ്ട്. പണമിടപാടുകൾക്കായി ദേശസാൽകൃതബാങ്കിൽ ഒരു അക്കൌണ്ട് (Catholic Syrian Bank Nalukody A/C No.01820415746519600l)ആരംഭിക്കകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്ന തനതുഫണ്ട് ആവശ്യാനുസരണം ചെലവഴിയ്ക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറുടെ വിനിയോഗസാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് DDMA-യിൽ നിന്നും തുക റീഇംബഴ്സ് ചെയ്തു കിട്ടുന്നത്. ഡിഡിപി കോട്ടയം എൽ എസ് ജി സെക്രട്ടറിയ്ക്കയച്ച കത്തിൽ 1838008/- രൂപ ചെലവഴിച്ചതിൽ DDMA-യിൽനിന്നും 934335/- രൂപ റീഇംബഴ്സ് ചെയ്തും ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വികസനപ്രവർത്തനങ്ങൾക്കായി ചെലവഴിയ്ക്കേണ്ട തുക ഇത്തരത്തിൽ ചെലവാകുന്നതു മൂലം തനതുഫണ്ടിൽ ഉണ്ടാകുന്ന കുറവ് പദ്ധതിവിഹിതം വകയിരുത്തി പരിഹരിയ്ക്കണം എന്നും ഡിഡിപിയുടെ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

പായിപ്പാട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച CFLTC യുടെ 24/10/2020 മുതൽ 31/03/2021വരെയുള്ള കാലയളവിലെ ചെലവ് വിവരം (സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ രേഖകൾ പ്രകാരം)

| ഇനം | തുക |
|---|---|
| മാലിന്യ സംസ്കരണം | 55088 |
| ട്രാൻസ്പോർട്ടേഷൻ | 48515 |
| കുടിവെള്ളം | 25000 |
| സ്റ്റേഷനറി(മെഡിക്കൽ ഉൾപ്പെടെ) | 35607 |
| ക്ലീനിംഗ് & റിപ്പയർ | 28500 |
| ഭക്ഷണം | 951055 |
| ഹോണറേറിയം | 689628 |
| മറ്റിനം | 2975 |
| ആകെ | **1838008/-** |

**1-34 വിനിയോഗവിവരം ലഭ്യമാക്കാത്തത്-**

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. പദ്ധതികൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ആകെ ചെലവുതുക 2158192- രൂപ തടസ്സപ്പെടുത്തുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി, തിരുവല്ല | 42/21 ഉരുളേപ്പറമ്പ് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 33/13-05-20 | 598192 | - | 598192- |
| കെഎസ് | 56/21 | 45/22.03.21 | 110000- | - | 110000- |

| | | | | | |
|---|---|---|---|---|---|
| സിബി, തുക്കൊടിത്താനം | 13 ാം വാർഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | | | | |
| കേരള വാട്ടർ അതോറിറ്റി, തിരുവല്ല | 61/21 വിവിധ വാർഡുകളിലൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 49/21-03-21 | 95000- | - | 950000- |
| കേരള വാട്ടർ അതോറിറ്റി, തിരുവല്ല | 58/21 നക്രപ്പുഉവൽ ഭാഗത്ത് മംഗലശ്ശേരിപ്പടി-നക്രാകിഴക്കേക്കരപൈപ്പ് ലൈൻ എക്സ്റ്റൻഷന് | 40/21-03-21 | 200000- | - | 200000- |
| കേരള വാട്ടർ അതോറിറ്റി, തിരുവല്ല | 74/21 മൂലയിൽ പ്പുഉവേൽ ഭാഗത്ത് പൈപ്പ് ലൈൻ എക്സ്റ്റൻഷന് | 43/22-03-21 | 300000- | - | 300000- |
| ആകെ | | | 2158192- | | 2158192- |

**1-35 പകൽ വീട് - ഫർണിച്ചറും ഉപകരണങ്ങളും വാങ്ങി നൽകൽ - പ്രോജക്റ്റ് ലക്ഷ്യം കണ്ടില്ല**

പ്രോജ. നം. 162/2020-21, പകൽ വീട് - ഫർണീച്ചർ, വിനോദോപാധികൾ വാങ്ങൽ

അടങ്കൽ - 100000/-

ചെലവ് - 78330/- (വി.ഫ)

ബിൽ നം.195/30.12.2020

നിർവഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

വയോജനങ്ങളുടെ വിശ്രമ വിനോദോപാധി മുന്നിൽ കണ്ടാണ് പ്രോജക്റ്റിൽ പകൽ വീട് വിഭാവനം ചെയ്തിട്ടുള്ളത്. 50 കസേരകൾ, 3 മേശ, ഒരു അലമാര, ഒരു ടി.വി (40" LED) എന്നിവ എഫ്.എച്ച്.സി കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന പകൽ വീടിന്റെ പ്രവർത്തനത്തിനായി ആർട്ട്കോയിൽ നിന്നും ഓഡിറ്റ് വർഷം വാങ്ങി നൽകിയിട്ടുണ്ട്. 06.12.2021 ൽ നടത്തിയ ഭൗതിക പരിശോധനയിൽ ടി കെട്ടിടത്തിൽ പകൽ വീട് പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്ന് ബോദ്ധ്യപ്പെടുകയും കസേര, മേശ, അലമാര എന്നിവ ആശുപത്രിയുടെ ദൈനം ദിന പ്രവർത്തനത്തിനായി ഉപയോഗിക്കുന്നതായും വാങ്ങിയ ടി.വി, നാളിതുവരെ കണക്ഷൻ കൊടുക്കുകയോ പ്രവർത്തിപ്പിക്കുകയോ ചെയ്യാതെ കവറിൽത്തന്നെ സൂക്ഷിക്കുന്നതായും കാണപ്പെട്ടു. പകൽ വീട് പ്രവർത്തനം ആരംഭിക്കാതിരുന്നതിനാലാണ് വാങ്ങിയ ഉപകരണങ്ങൾ യഥാസമയം ഉപയോഗിക്കാൻ സാധിക്കാതിരുന്നത് എന്ന് നിർവഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. പകൽ വീട് യാഥാർത്ഥ്യമാക്കി ടി ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

**1-36 പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ലഭിച്ച ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു**

ഗ്രാമ പഞ്ചായത്തിന്റെ 31/03/2021ലെ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം പ്രത്യേക ആവശ്യത്തിനായി ലഭിച്ച ഗ്രാന്റുകൾ ബാധ്യതയായി അവശേഷിക്കുന്നു. പല ഗ്രാന്റുകളുടേയും

വിശദാംശങ്ങൾ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കണക്ക് ശീർഷകം | ഇനം | തുക |
|---|---|---|
| 320700104 | സംയുക്തപ്രോജക്ട് ബ്ലോക്ക് വിഹിതം | 400000 |
| 320700209 | സംയുക്തപ്രോജക്ട് ബ്ലോക്ക് വിഹിതം | 884641 |
| 320700209 | സംയുക്തപ്രോജക്ട് ബ്ലോക്ക് വിഹിതം | 68400 |
| 320700404 | പ്രത്യേക ആവശ്യഗ്രാന്റ് ബ്ലോക്ക് വിഹിതം | 20050 |
| 320200311 | ഫ്ലഡ് റിലീഫ് ഗ്രാന്റ് | 300000 |
| 320200322 | ശുചിത്വ മിഷൻ ഫണ്ട് | 2045058 |
| 320200319 | ഖരമാലിന്യ നിർമാർജ്ജനം | 415405 |
| 320100121 | ഐ.സി.ഡി.എസ് | 1361841 |

സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിക്കുന്നതിന് വിശദീകരണം നൽകേണ്ടതും പ്രത്യേക ആവശ്യത്തിന് വേണ്ടി ലഭിച്ച ഗ്രാന്റുകൾ ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ അടയ്ക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2020-21 | 02.12.2021 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 424700 | 9/20-21-ശാരീരിക മാനസിക - വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 424700 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | 196/20-21-അനുപൂരക പോഷക പദ്ധതി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 199958 | 203/20-21-വയോജനങ്ങൾക്ക് കട്ടിൽ വിതരണം | 199958 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 299650 | 104/20-21- | 299650 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | 120/20-21- | 200000 | 0 |
| **ആകെ** (ബ്ലോക്ക് പഞ്ചായത്ത്) | | 1324308 | | 1324308 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2020-21 | 196000 | 9/20-21-ശാരീരിക മാനസിക - വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 196000 | 0 |
| **ആകെ** (ജില്ലാ പഞ്ചായത്ത്) | | 196000 | | 196000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി, തിരുവല്ല | 42/21 ഉരുളേപ്പറമ്പ് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 33/13-05-20 | 598192 | - | 598192- |
| കെഎസ്ഇബി, തുക്കൊടിത്താനം | 56/21 13 ാം വാർഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 45/22.03.21 | 110000- | - | 110000- |
| കേരള വാട്ടർ അതോറിറ്റി, തിരുവല്ല | 61/21 വിവിധ വാർഡുകളില്പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 49/21-03-21 | 95000- | - | 950000- |
| കേരള വാട്ടർ അതോറിറ്റി, തിരുവല്ല | 58/21 നക്രപ്പുഉവൽ ഭാഗത്ത് മംഗലശ്ശേരിപ്പടി-നക്രാകിഴക്കേക്കരപൈപ്പ് ലൈൻ എക്സ്റ്റൻഷന് | 40/21-03-21 | 200000- | - | 200000- |
| കേരള വാട്ടർ അതോറിറ്റി, തിരുവല്ല | 74/21 മൂലയിൽ പ്പുഉവേൽ ഭാഗത്ത് പൈപ്പ് ലൈൻ എക്സ്റ്റൻഷന് | 43/22-03-21 | 300000- | - | 300000- |
| ആകെ | | | 2158192- | | 2158192- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2020-21 വർഷത്തെ ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2020-21 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| KURDFC LOAN | 5332062 | 640000 | 629294 | - | 5342768 |

| | | | | | |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | | | | | |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി റിക്കവറിക്ക് ആധാരമായ ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക, ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും, ഒടുക്കിയ രസീത് നം./തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.2.1 2.2.2 | 2016-17 | ഖണ്ഡിക - 1 അനുബന്ധം-3 | വസ്തുനികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2.3.1, 2, 3, 4, 5 | 2016-17 | ഖണ്ഡിക - 2 അനുബന്ധം-4 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2.5.1 2.5.2 2.5.3 | 2016-17 | ഖണ്ഡിക - 2 അനുബന്ധം-5 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 105459966 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 87524016 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3655218 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 355992 | ശ്രീമതി.ലതികുമാരിയമ്മ പി , ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-28 | 200000 | ശ്രീമതി ടെസി മാത്യു, വെറ്റിനറി സർജൻ |
| 1-29 | 7640 | ശ്രീമതി സാലി സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ, അലോപ്പതി |
| 1-30 | 42235 | ശ്രീമതി ലീന ജാസ്മിൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-31-1 | 841659 | ശ്രീമതി ജോളി ജോസഫ്, ഹെഡ്മിസ്ട്രസ് |
| 1-31-2 | 49500 | ശ്രീമതി ജോളി ജോസഫ്, ഹെഡ്മിസ്ട്രസ് |
| 1-34 | 598192 | ശ്രീ. സജിത്ത് റ്റി, സെക്രട്ടറി |
| 1-34 | 1560000 | ശ്രീമതി ലിജി തോമസ്, സെക്രട്ടറി |
| **ആകെ** | 3655218 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 96-97 ചെലവ് | എൽ.എഫ്.കെ.പി3/210/98/16.5.98/3.9.99 | |
| 97-98 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി3/1661/16/05.01.18 | 6 |
| 98-99(ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി3/1661/16/05.01.18 | 6 |
| 99-00 | കെ.എസ്.എ-കെ.ടി.എം.പി3/1661/16/22.01.18 | 9 |
| 01-02 | എൽ.എഫ്.കെ.പി8/906/07 22.04.09 | 4 |
| 02-03 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(4)/2018/01.02.18 | 1 |
| 03-04 ചെലവ് | എൽ.എഫ്.കെ.പി8/165/07/04.07.09 | 13 |
| 05-06 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(6)/2018/01.02.18 | 4 |
| 06-07 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(7)/2018/01.02.18 | 1 |
| 07-08 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(11)/2018/01.02.18 | 6 |
| 08-09 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(8)/2018/01.02.18 | 9 |
| 09-10 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(9)/2018/01.02.18 | 5 |
| 10-11, 11-12 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(10)/2018/01.02.18 | 12 |
| 12-13 | എൽ.എഫ്.കെ.പി3/1370/14/ 18.4.15 | 12 |
| 13-14 | കെ.എസ്.എ-കെ.ടി.എം.പി3/175/15/10.3.16 | 24 |
| 14-15 | കെ.എസ്.എ-കെ.ടി.എം.പി3/1803/16/03.04.17 | 19 |
| 15-16 | കെ.എസ്.എ-കെ.ടി.എം.പി13/1931/16/02.05.17 | 45 |
| 16-17 | കെ.എസ്.എ-കെ.ടി.എം.പി10/412/16/05.10.2017 | 45 |
| 17-18 | കെ.എസ്.എ-കെ.ടി.എം.പി10/2024/18/03.05.19 | 40 |
| 18-19 | നം.കെഎസ്എ.കെടിഎം.പി.10/1075/19/10.02.20 | 13 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്